## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2694** **17-06-2019-ലെ മറുപടി**

## ജല സമൃദ്ധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹരിത മിഷന്റെ ഭാഗമായി ജല സമൃദ്ധി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജല ഉപമിഷൻ ആണ് ജലസമൃദ്ധി എന്ന പേരിൽ അറിയപ്പെടുന്നത്. ജലസമൃദ്ധിയുടെ ലക്ഷ്യങ്ങൾ ചുവടെ കാണും വിധമാണ്.<br>• ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും, സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദനക്ഷമതയും വർധിപ്പിക്കുക.<br>• പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക<br>• ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറക്കുകൂടി ഉറപ്പാക്കുക<br>• നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക<br>2018-19 സമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി മൂന്നു ഹെഡ് ഓഫ് അക്കൗണ്ടുകളിലായി ആകെ 28.11 കോടി രൂപ നീക്കിവച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നാളിതുവരെ 455.62 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ; 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി നീക്കി വെച്ച ബഡ്ജറ്റ് വിഹിതം, ചിലവഴിച്ച തുക ഇവയുടെ വിശദാംശം നൽകുമോ; | | |
| (സി) | പ്രസ്തുത പദ്ധതികളുടെ നാളിതു വരെയുള്ള പ്രവർത്തന പുരോഗതി യുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ജലസമൃദ്ധിയുടെ ലക്ഷ്യങ്ങളായ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിനായി വലിയ ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും നിരവധി പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചിട്ടുണ്ട്. 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി, 843 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കി, 202 കി മി പുഴകൾ പുനരുജ്ജീവിപ്പിച്ചു 18,138 കിമി നീർച്ചാലുകൾ/തോടുകൾ പുനരുജ്ജീവിപ്പിച്ചു 48936 കിണറുകൾ റീചാർജ് ചെയ്തു. 4625 കിണറുകൾ നവീകരിച്ചു 8675 കുളങ്ങൾ നിർമ്മിച്ചു 9889 കുളങ്ങൾ നവീകരിച്ചു 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിച്ചു.<br>ഭൂജലവകുപ്പ് ജലസമൃദ്ധി പദ്ധതിയിൻ കീഴിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ഭൂജല സംപോഷണ പ്രവർത്തികൾ ഭൂജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.<br>ജലസേചനവകുപ്പ് മുഖേന നിർവ്വഹണം നടത്തിവരുന്ന പദ്ധതികളിൽപ്പെടുന്ന കുളങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തതിൽ 364 എണ്ണം പൂർത്തിയായിട്ടു ണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | നടത്തിയിട്ടുണ്ട്.<br>ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഹരിതകേരളം മിഷൻ മീറ്റിംഗ് 5 തവണ ചേർന്നിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉപമിഷനുകളുടെ അവലോകനയോഗങ്ങളും നടന്നിട്ടുണ്ട്.<br>സംസ്ഥാനതലത്തിൽ ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ "സംസ്ഥാനതല കർമ്മസമിതി"യും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർപേഴ്സണായ ജില്ലാതല കർമ്മസേനയുമാണ് പുരോഗതി വിലയിരുത്തൽ നടത്തുന്നത്. നാളിതുവരെയായി സംസ്ഥാനതലകർമ്മസമിതി 8 തവണ യോഗം ചേർന്നിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ